ഏകലോകം
അറിവും അനുഭവവും

**ദൃഢമായ സ്വാതന്ത്ര്യബോധവും വ്യക്തമായ ജനാധിപത്യാദർശവും മാത്രമേ രാഷ്ട്രീയ വിപ്ലവങ്ങളെ നീതീകരിക്കൂ എന്നും അത് സാമൂഹ്യപരിവർത്തനത്തിന്റെ പ്രവർത്തനപരിധിയിലാണ് രൂപപ്പെടേണ്ടതെന്നും**

**സി.ജെ. തോമസ്**

# സാമൂഹ്യ പരിവർത്തനത്തിന്റെ തത്വസംഹിത

**സാമൂഹ്യപരിവർത്തനത്തെക്കുറിച്ച്** നിഷ്കൃഷ്ടമായ ചില ധാരണകളുണ്ട് എനിക്ക്. അവ യാതൊരു പ്രത്യേക തത്വജ്ഞാനത്തേയും ആശ്രയിച്ചുള്ളവയല്ല, ഏറെക്കാലമായി പലതും കാണുകയും കാണാൻ ശ്രമിക്കുകയും ചെയ്തവയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് ഈ ചിന്താഗതി. ചൂടുവടപോലെ വിൽക്കാവുന്ന ഒരു സിദ്ധാന്തവുമല്ല അതെന്നു വ്യക്തമായി ധരിച്ചുകൊണ്ടുതന്നെയാണ് ഞാനവയെ കുറിച്ചിടുന്നത് എന്നല്ല, ഇന്നു പരക്കെ നിലവിലുള്ള ധാരണകളനുസരിച്ചു നോക്കിയാൽ അവ വളരെയേറെ പിൻതിരിപ്പനും എസ്ക്കേപ്പിസ്റ്റുമായി തോന്നുകയും ചെയ്യും.

സാമൂഹ്യസേവനങ്ങളിൽ ഇറങ്ങിത്തിരിക്കുന്നയാൾ രാഷ്ട്രീയ സാഹസങ്ങളിൽ ഒന്നും പെടുന്നില്ലെങ്കിൽ അയാളെ ഒരു എല്ലില്ലാത്ത ജീവിയായി കണക്കാക്കുക പതിവാണല്ലോ. ഒരു സോഷ്യലിസ്റ്റ് തീവ്രവാദിയെയും ബ്രാഹ്മണവിധവാവിവാഹക്കാരനെയും ഉദാഹരണമായി എടുക്കുക. വ്യക്തമായ യാതൊരു പരിപാടിയും കൈവശമില്ലെങ്കിലും ഒന്നാമത്തെയാൾ ആയിരിക്കും ജനഹൃദയങ്ങളെ ആകർഷിക്കുക. രണ്ടാമത്തെയാൾ ഒരു തണുപ്പൻ ഉപദേശിയായി അവഗണിക്കപ്പെടുകയും ചെയ്യും. മതങ്ങളിലും സമുദായങ്ങളിലുമുള്ള അനാചാരങ്ങളെ പറിച്ചുകളയാൻ ശ്രമിക്കുന്നവന് പരിമിതമായ അംഗീകാരം മാത്രമേ ലഭിക്കൂ. ലഭിക്കുന്നതുതന്നെ ദുർബലനായ ഒരു വൃദ്ധന് അവകാശപ്പെട്ട സഹതാപം മാത്രമായിരിക്കും. സാമൂഹ്യസേവനമെന്ന പദപ്രയോഗത്തിന് വളരെ വിശാലമായ അർത്ഥവ്യാപ്തിയുള്ളതാണ് ഇങ്ങനെയൊരു അഭിപ്രായമുണ്ടാകുവാൻ കാരണം. അക്കൂട്ടത്തിൽ അമാനുഷികമായ കരുത്തുവേണ്ട സാമൂഹ്യപ്രവർത്തന

ങ്ങളും അവമതിക്കപ്പെട്ടുപോയി എന്നുമാത്രം. അഹിംസ ദുർബ ലർക്കും ഹിംസ വീരന്മാർക്കും വിധി ച്ചിരിക്കുന്ന കർമപദ്ധതിയാണെന്ന മിഥ്യാബോധംപോലെ.

### പ്രാധാന്യ താരതമ്യം

സാമൂഹ്യപരിവർത്തനങ്ങൾ രാഷ്ട്രീയ വിപ്ലവങ്ങളെക്കാൾ സർവഥാ പ്രധാന മാണെന്നു ഗണിക്കുന്ന കൂട്ടത്തിലാണ് ഞാൻ. ആദ്യം പറഞ്ഞതിനാണ് കൂടു തൽ ആർഭാടം. രണ്ടാമത്തേതു കൂടു തൽ പ്രയോജനകരം. സമൂഹത്തിൽ പരിവർത്തനമുണ്ടാക്കാൻ വളരെ വിഷമമുണ്ട്. അതിലേറെ വിഷമമാണ് അവയുടെ മഹത്വം മനസ്സിലാക്കുക. അതുകൊണ്ടാണ് സാധാരണ ജന ങ്ങൾ സാമൂഹ്യപ്രവർത്തനങ്ങളെ



**രാഷ്ട്രീയ വിപ്ലവങ്ങൾ താരതമ്യേന ലഘുവാണെന്നു പറഞ്ഞതു രസിക്കാത്തവരുണ്ടാകും. അവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമുണ്ട്. വിപ്ലവങ്ങളുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ വിജയഘട്ടത്തോടുകൂടി റദ്ദാകാറുണ്ടെന്നുള്ളത്. റഷ്യയിൽ ഇത്രയുംകാലം ഒരു വ്യക്തിയുടെ തോന്ന്യാസമാണ് നടന്നിരുന്നതെന്ന് ഇതാ ഔദ്യോഗികപ്രഖ്യാപനവും ഉണ്ടായിരിക്കുന്നു. നമ്മുടെ സ്വന്തം നാട്ടിലാണെങ്കിൽ ജനാധിപത്യബോധം തീണ്ടിയിട്ടില്ലാത്ത ദേശീയ ദുരഭിമാനം മാത്രമായിരുന്നു സ്വാതന്ത്ര്യ സമരത്തിന്റെ ഇച്ഛാശക്തി. ഇവയെല്ലാം പുറമേ വിജയം കണ്ടാലും ലക്ഷ്യപ്രാപ്തി യഥാർത്ഥത്തിൽ പരാജയമടയുകയാണു ചെയ്യുന്നത്**

അവഗണിക്കാനും രാഷ്ട്രീയപ്രസ്ഥാ നങ്ങളിലേക്കു കൂടുതലായി ആകർഷിക്കപ്പെടുവാനും ഇടയാക്കു ന്നത്. ഒരു വലിയ ജനക്കൂട്ടത്തിന്റെ പിറകെ സാങ്കൽപ്പികമായ ഒരു സ്വർഗ്ഗത്തെത്തേടി പ്രദക്ഷിണം നട ത്തുന്നതുപോലെ പോരല്ലോ– വ്യക്തി കളെ മാറ്റിത്തീർക്കുവാനുള്ള യത്നം. അവിടെ വ്യക്തിപരമായി ഓരോരു ത്തരും ചുമതലയേൽക്കണം. 'ദുഷി ച്ചുനാറിയ സമുദായസംഘ ടന'യെന്നോ 'വെള്ളപ്പട്ടി'കളുടെ 'ചൂഷണ'മെന്നോ, ഒക്കെ ഉറക്കെപ്പ റഞ്ഞ് വീട്ടിലിരുന്നാലും രാഷ്ട്രീയവി പ്ളവമായി. രാഷ്ട്രീയബോധമാണെ ങ്കിൽ വളരെ ഒഴുക്കനായ കുറേ ഇഷ്ടാനിഷ്ടങ്ങളും അംഗീകൃതമായ ചില മാക്ബെത്തുമാരുടെ ആരാധ നയും മാത്രമായാലും മതിയാക്കാം. സാമൂഹ്യസേവനത്തിന് ഇതൊന്നും പോരാ. അഗാധമായ ജ്ഞാനം വേണം, നിഷ്കാമകർമ്മം ആദർശ മായി എടുക്കാനുള്ള ധൈര്യം വേണം.

രാഷ്ട്രീയ വിപ്ലവങ്ങൾ താരത മ്യേന ലഘുവാണെന്നു പറഞ്ഞതു രസിക്കാത്തവരുണ്ടാകും. അവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമുണ്ട്. വിപ്ലവങ്ങളുടെ പ്രഖ്യാപിതലക്ഷ്യ ങ്ങൾ വിജയഘട്ടത്തോടുകൂടി റദ്ദാകാ റുണ്ടെന്നുള്ളത്. ഫ്രഞ്ചുവിപ്ലവം ഒരു തികഞ്ഞ വിജയമായിരുന്നു എന്ന് ആരും ഗണിച്ചിട്ടില്ല. ചൈനയിലാണെ ങ്കിൽ സൺയാറ്റ്സെന്നിന്റെ വിപ്ലവം എത്രമാത്രം രൂഢമൂലമായ പരിവർത്ത നമായിരുന്നെന്ന് കോമിൻതാങ്ങിന്റെ അധ:പതനചരിത്രം തെളിയിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പിതൃരാജ്യമായ റഷ്യയിൽ ഇത്രയുംകാലം ഒരു വ്യക്തിയുടെ തോന്ന്യാസമാണ് നട ന്നിരുന്നതെന്ന് ഇതാ ഔദ്യോഗികപ്ര ഖ്യാപനവും ഉണ്ടായിരിക്കുന്നു. നമ്മുടെ സ്വന്തം നാട്ടിലാണെങ്കിൽ ജനാധിപത്യബോധം തീണ്ടിയിട്ടി ല്ലാത്ത ദേശീയ ദുരഭിമാനം മാത്രമായി രുന്നു സ്വാതന്ത്ര്യസമരത്തിന്റെ ഇച്ഛാ ശക്തി. ഇവയെല്ലാം പുറമേ വിജയം കണ്ടാലും ലക്ഷ്യപ്രാപ്തി യഥാർത്ഥ ത്തിൽ പരാജയമടയുകയാണു ചെയ്യു ന്നത്. ദൃഢമായ സ്വാതന്ത്ര്യബോ ധവും വ്യക്തമായ ജനാധിപത്യാ ദർശവും മാത്രമേ രാഷ്ട്രീയവിപ്ലവങ്ങ ളെ നീതീകരിക്കൂ. ലോകപ്രസിദ്ധമായ മേൽപ്പറഞ്ഞ വിപ്ലവങ്ങളിലെല്ലാം ഈ ലക്ഷ്യം പിന്നോക്കം പോയിരിക്കുന്നു എന്നതു രാഷ്ട്രീയവിപ്ലവങ്ങളുടെ ഉപ രിപ്ലവ സ്വഭാവത്തെ കാണിക്കുന്നു. അവയുടെ ലക്ഷ്യം സാക്ഷാത്കരിക്കു കയാണെങ്കിൽ അധികാരക്കൈമാറ്റ ത്തോടൊപ്പം ജനഹൃദയങ്ങളുടെ സംസ്കരണവും നടക്കണം. എന്നുവ ച്ചാൽ ചിരപ്രതിഷ്ഠിതമായ ആശയാഭി പ്രായങ്ങൾ രൂപാന്തരം പ്രാപിക്കണം. അതു സാമൂഹ്യപരിവർത്തനത്തിന്റെ പ്രവർത്തനപരിധിയിലാണ്. ഈ മാറ്റം രാഷ്ട്രീയവിപ്ലവത്തോളം ക്ഷിപ്ര സാദ്ധ്യമല്ലെന്നാണ് പറഞ്ഞത്.

### ആദ്ധ്യാത്മിക വിപ്ലവം

രാഷ്ട്രീയകാര്യങ്ങളിൽ എത്ര വേഗ മാണ് കാര്യങ്ങൾ നടക്കുക! ബെറിയ യുടെ പോക്കും, നാസറിന്റെ വരവും, അബ്ദുള്ളയുടെ അറസ്റ്റും, പെറോ ണിന്റെ ഓട്ടവും, സ്റ്റാലിൻ മരണ ശേഷം ശപ്തനായതും ഒന്നും മനു ഷ്യാത്മാവിന്റെ സംസ്കരണത്തെ ആശ്രയിച്ചുണ്ടായവയല്ലല്ലോ. അധി കാരം കൈയടക്കാൻ വഴി പലതുമു

ണ്ട്. കൈക്കരുത്തുണ്ടെങ്കിൽ കൊല്ലാം. ഇല്ലെങ്കിൽ ഗൂഢാലോചന നടത്താം. സാമൂഹ്യപരിഷ്ക്കരണത്തിന് ഈ മാർഗങ്ങളെല്ലാം വ്യർത്ഥമാണ്. സ്വയം ഒരു മാറ്റത്തിന് വിധേയരായി സർവാത്മനാ പുതിയ ഒരു ആശയത്തെ അംഗീകരിക്കുന്നവരാണ് സാമൂഹ്യപരിവർത്തന കുതുകികൾ. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ജനതയുടെ ആദ്ധ്യാത്മികവിപ്ലവമാണ് സാമൂഹ്യപരിഷ്ക്കരണത്തിന്റെ അടിസ്ഥാനം. മനുഷ്യവർഗത്തിന്റെ പുരോഗതി എന്നു പറഞ്ഞുവരുന്നത് ഉപരിതലത്തിലുള്ള അധികാരക്കൈമാറ്റങ്ങളല്ല; അവമൂലം ഉത്ഭവിക്കുന്നതുമല്ല. മനുഷ്യർ വ്യക്തിഗതമായും കൂട്ടമായും സംസ്കരിക്കപ്പെടുക എന്നതാണ് സാമൂഹ്യപരിവർത്തനത്തിന്റെ ആധാരം. സാമൂഹ്യപരിവർത്തനമെന്നതു നിലവിലുള്ള ആചാരാനുഷ്ഠാനങ്ങളെ മാറ്റിത്തീർക്കുകയോ ത്യജിക്കുകയോ ചെയ്യുന്നതാണ്. അവയ്ക്കു രൂപഭേദമുണ്ടായാൽ പോരാ; അവ നിരർത്ഥകമെന്നോ, വിഷലിപ്തമെന്നോ ഉള്ള ധാരണകൾ പുലരണം. അഥവാ മാനസികവികാസം കൈവരണം. ഇഷ്ടമില്ലാത്ത ഭരണാധികാരിയോടു വെറുപ്പും വിദ്വേഷവും അസൂയയും ഇളക്കിവിട്ടാൽ രാഷ്ട്രീയമായ എതിർപ്പ് ഉണ്ടാക്കാം. മാനസികവികാസമാകട്ടെ കുറേക്കൂടി ദുർഘടംപിടിച്ച കാര്യമാണ്. തലമുറകളായി അനുഷ്ഠിക്കപ്പെട്ടുവരുന്ന കർമങ്ങൾ, അവ ദിവ്യമെന്നു ഗണിച്ചുവരുന്ന സാഹചര്യങ്ങളുടെ പിൻബലത്തോടുകൂടി നിൽക്കുമ്പോൾ അവയിൽനിന്ന് ആളുകളെ പിൻതിരിപ്പിക്കാൻ ബലംമാത്രം പോരാ, മന:സംസ്കരണം തന്നെ വേണം. ഈവക ധാരണകൾ ഭരണാധികാരത്തേക്കാളും രൂഢമൂലമാണ്. ഇന്നലെ യുക്തവും ഉചിതവുമായിരുന്ന ചില മൂല്യങ്ങളുടെ മുകളിലായിരിക്കും അവ നിലയുറപ്പിച്ചിരിക്കുന്നത്. ഒഴുക്കനും പരുക്കനുമായ ബഹളംകൂട്ടൽകൊണ്ട് അവയൊന്നും മാറ്റാനാവില്ല. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്കു ജ്ഞാനത്തിന്റെ വെളിച്ചംവീശി അവരുടെ ധർമബോധത്തെ ഉണർത്തി, ആദ്ധ്യാത്മിക പരിവർത്തനം സാധിക്കേണ്ട കാര്യമാണിത്.

രാഷ്ട്രീയത്തിൽ നാം മറ്റുള്ളവരെ നന്നാക്കാൻ ഒരുമ്പെട്ടിറങ്ങുകയാണെന്നുള്ളതു നമ്മുടെ ഭാരം ലഘൂകരിക്കുന്നു. ഉത്തമപുരുഷൈകവചനം അവിടെ എപ്പോഴും ഉത്തമമാണ്. എനിക്ക് എന്നെ ഭരിക്കാൻ അവകാശമുണ്ട്. എനിക്ക് ജീവിക്കാൻ അധികാരമുണ്ട്. അവൻ എന്നെ മർദ്ദിക്കുന്നു, അവൻ എനിക്കു ദ്രോഹിയാണ് എന്നിങ്ങനെ മനുഷ്യനെ രണ്ടായി തിരിച്ച് അവനും ഞാനും എന്നത് മർദ്ദകനും മർദ്ദിതനും എന്നതിനു പര്യായങ്ങളായി പ്രയോഗിച്ചുതുടങ്ങിയാൽ ജനകീയ പിൻബലത്തിന്റെ കാര്യത്തിൽ സംശയിക്കാനില്ല. അവരോരുത്തരും ഉത്തമപുരുഷൈകവചനമാണ്, പുരുഷോത്തന്മാരാണ്. മനുഷ്യരെ പിടിക്കാനുള്ള വല കൈവശമുണ്ടെങ്കിൽ അവൻ നിങ്ങളെ അനുഗമിക്കും. നേരെമറിച്ച് സാമൂഹ്യപരിഷ്ക്കർത്താവ് ഓരോ വ്യക്തിയിലും മിഥ്യകളും സങ്കൽപ്പങ്ങളുമുണ്ടെന്നും, ഓരോരുത്തനും തന്റെ ചങ്ങാതിയുടെ മർദ്ദകനാണെന്നും അയാൾക്കു ചൂണ്ടിക്കാണിക്കേണ്ടിവരും. പുറമേയുള്ള കള്ളനെ പിടിക്കാൻ കച്ചകെട്ടിയിറങ്ങുന്നതും, സ്വന്തം ആത്മാവിന്റെ ശുദ്ധീകരണത്തിനു സന്നദ്ധരാകുക എന്നതും വളരെ അന്തരമുള്ള കാര്യങ്ങളാണ്. 'സർപ്പസന്തതികളേ!' എന്ന് ആക്രോശിച്ചുകൊണ്ട് പൊതുനിരത്തുകളെ ബാധിക്കുന്ന യോഹന്നാന്മാരെയും, ജനതയാണ് ദൈവം എന്നുറപ്പുനൽകുന്ന ഹിറ്റ്ലർ- സ്റ്റാലിന്മാരെയും നോക്കുക.

ഒന്നുകൂടിയുണ്ട്, രാഷ്ട്രീയാധികാരം എപ്പോഴും ഒരു ഗവൺമെന്റിൽ സ്ഥിതിചെയ്യുന്നു. ഗവൺമെന്റുകൾ ഘനരൂപത്തിലുള്ളതാണ്. പെട്ടെന്ന് ഉടയുന്നതാണ്. ഒരു ചെറിയ ബഹളത്തെ അതിജീവിക്കാൻ അവയ്ക്കു കഴിവില്ല. അടിച്ചാൽ അതുപൊട്ടും. അടിക്കാൻ എന്തെങ്കിലും ലക്ഷ്യമുണ്ട്. തിരിച്ചടിച്ചാൽ അതുതന്നെ അതിന്റെ കൊള്ളരുതായ്കയായി ചൂണ്ടിക്കാണിക്കുകയും ചെയ്യാം. മാമൂലുകൾക്കും അന്ധവിശ്വാസങ്ങൾക്കും അദൃശ്യവും അവ്യക്തവുമായ ഒരു തരം ശക്തിവിശേഷമാണുള്ളത്. ചത്താലും കൊന്നാലും അവ ഒടുങ്ങുകയില്ല. മനുഷ്യാത്മാവിന്റെ രൂപാന്തരം മാത്രമേ അവിടെ മാർഗമുള്ളൂ.

## പരാജയ ബീജം

മാറ്റം എന്നതിന്റെ യഥാർത്ഥ രൂപം ഇതാണ്. മാർഗം ഇതാണ്. ഇതുമാത്രമാണ് പ്രതിവിപ്ലവത്തിന് എതിരായ 'ഗ്യാരണ്ടി' എന്നു മനസ്സിലാക്കാത്തതുകൊണ്ട്– അധികാരമാറ്റമല്ല അധികാരമാറ്റത്തിന്റെ പ്രഖ്യാപിതലക്ഷ്യം ജനങ്ങളുടെ സ്വായത്തമായിത്തീരുക എന്നതാണ് ആദർശം എന്നു മനസ്സിലാക്കാത്തതുകൊണ്ട്– ആണെന്നു പറയാം അധികാരികൾ ജനകീയാവശ്യങ്ങളെ മനസ്സിലാക്കാത്തതും ക്രമേണ മർദകരായിത്തീരുന്നതും. അങ്ങനെ ഉത്കൃഷ്ട ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചാരംഭിക്കുന്ന വിപ്ലവങ്ങൾ സീസറിലും മറാറ്റിലും സ്റ്റാലിനിലും ചെന്നവസാനിക്കുന്നത്.

സാമൂഹ്യപരിവർത്തനമാകട്ടെ, ഇത്ര പെട്ടെന്ന് വിജയിക്കുന്നതല്ല; ഇത്ര പെട്ടെന്ന് പിന്നോക്കം പായുന്നതുമല്ല.

വർഗീയത്വം എന്നതു കേരളത്തിൽ ഒരു യാഥാർത്ഥ്യമാണ്. അത് രാഷ്ട്രീയത്തിലും സാമ്പത്തികജീവിതത്തിലും കലാരംഗത്തും തലപൊന്തിക്കാറുണ്ട്. രാഷ്ട്രീയക്കാർ അതിനെ അവഗണിക്കാറാണ് പതിവ്. അല്ലെങ്കിൽ അതു സാമ്പത്തികമത്സരത്തിന്റെ ഭാഗമാണെന്നു പറഞ്ഞ് ഒഴിയും. ധനികനായ സവർണന് ദരിദ്രനായ അവർണനെക്കുറിച്ച് പുച്ഛം തോന്നിയാലും രാഷ്ട്രീയക്കാരുടെ വിശദീകരണം ഒന്നുതന്നെ - സാമ്പത്തികമത്സരം. യുക്തിശൂന്യമായ ഈ ധാരണയ്ക്ക് പ്രചാരം ലഭിച്ചത് അത്ഭുതകരമായിരിക്കുന്നു. മേൽപ്പറഞ്ഞ വർഗീയവിദ്വേഷത്തിന് സാമ്പത്തികവിദ്വേഷത്തേക്കാൾ ഏറെ ആഴമുള്ള വേരുകളുണ്ട്. രാഷ്ട്രീയത്തേക്കാൾ വർഗീയ താൽപര്യങ്ങൾക്കാണ് ഇന്നും ഇവിടെ കൂടുതൽ പ്രാധാന്യം. ഒരു വിഭാഗത്തിന്റെ വർഗീയതയുടെ മേൽ കയറിനിന്ന് ആൾപ്പെരുപ്പമുണ്ടാക്കി മറ്റൊരു വർഗത്തിന്റെ മതാന്ധതയെ പൊക്കിക്കാട്ടി കാര്യം നേടുന്ന പണിയാണല്ലോ ഇന്നത്തെ സമ്പ്രദായം. ഇത് ചൂണ്ടിക്കാണിച്ചത് രാഷ്ട്രീയവിമർശനമായിട്ടല്ല, വർഗീയതയുടെ പ്രചാരം കാണിക്കുവാനാണ്. വർഗീയതയ്ക്ക് സാമ്പത്തികതാൽപ്പര്യങ്ങളെക്കാൾ ശക്തിയുണ്ട്. രാഷ്ട്രീയം അതിന്മേൽ ആശ്രയിച്ചു നിൽക്കുന്നു. അതു കലയേയും ദുഷിപ്പിക്കാറുണ്ട്. ഇങ്ങനെ രൂഢമൂലമായ ഒരു രംഗത്തു പരിവർത്തനമുണ്ടാക്കുന്നത് എത്ര ദുർഘടമാണെന്നു പറയേ



**രാഷ്ട്രീയശക്തികൊണ്ടുമാത്രം നടപ്പിലാക്കുന്ന മാറ്റങ്ങൾ ഒരുതരം മർദനത്തിനു പകരം മറ്റൊന്നിനെ പ്രതിഷ്ഠിക്കുകയേയുള്ളൂ. നിയമംകൊണ്ടുമാത്രം അടിമത്തത്തെ ഉച്ചാടനം ചെയ്തതിന്റെ ഫലം ലേബർ ക്യാമ്പുകളുടെയും സന്ന്യാസ ആശ്രമങ്ങളുടെയും ഫാക്ടറികളുടെയും രൂപത്തിൽ അത് ആവർത്തിച്ച് അവതരിക്കുക എന്നതാണ്. മർദനമില്ലാതെ സംസ്കരണം കൊണ്ടുമാത്രം മനുഷ്യനെ മനുഷ്യനാക്കിത്തീർക്കാൻ നടത്തുന്ന വിശുദ്ധകർമമാണ് സാമൂഹ്യപരിവർത്തനം.**

ണ്ടതില്ലല്ലോ.

സാമൂഹ്യപരിവർത്തനത്തിൽത്തന്നെ രംഗവ്യത്യാസമനുസരിച്ച് പ്രയത്നത്തിന് ഏറ്റക്കുറച്ചിലുണ്ട്. ഉയർന്നവർഗങ്ങളുടെ ഇടയിലുള്ള പരിഷ്ക്കരണമാണ് ഏറ്റവും ഭാരിച്ചത്. ഈ വിഭാഗങ്ങളിൽ പ്രായേണ യാതൊരാദായവും ലഭിക്കുകയില്ല. താഴ്ന്ന വർഗക്കാരുടെ ഇടയിലാണെങ്കിൽ സാമ്പത്തികോന്നമനം, രാഷ്ട്രീയാധികാരത്തിൽ പങ്ക്, അയിത്തോച്ചാടനം മുതലായി പല പ്രലോഭനങ്ങളുമുണ്ട്. ക്രിസ്ത്യാനിയെ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ വിഷമമില്ല. സർക്കാരുദ്യോഗം കിട്ടിയേക്കുമെന്ന് അവൻ പ്രതീക്ഷിക്കുന്നു. ഈഴവനെ യുക്തിവാദത്തിൽ ചാടിക്കാം; ചാതുർവർണ്യം അവന്റെ ആത്മസത്തയെ മാനിച്ചിട്ടില്ലല്ലോ. അവർണവിഭാഗങ്ങൾക്ക് മാമൂലുകളോടു മാത്രമല്ല, അവയുടെ സംരക്ഷകരോടും തീരാത്ത വിദ്വേഷമുണ്ട്. അവന് നഷ്ടപ്പെടാൻ യാതൊന്നുമില്ല. സവർണനാകട്ടെ, തനിക്കു സമൂഹത്തിന്റെ ബഹുമാന്യസ്ഥാനത്തു കയറിപ്പറ്റാൻ കഴിഞ്ഞതു മാമൂലുകളുടെ മേൽവിലാസത്തിലാണെന്നു വ്യക്തമായി മനസിലാക്കുന്നു. അവയെ എതിർക്കുന്നത് അവന്റെ സ്വാർത്ഥതാൽപര്യത്തിന് വിരുദ്ധമാണ്. അന്ധവിശ്വാസങ്ങളെ യുക്തിവിചാരമായി വിശദീകരിച്ചുകാണിക്കുവാൻ വേണ്ടത്ര തർക്കശാസ്ത്രനൈപുണിയുമുണ്ട് അവന്. അപ്പോൾ അങ്ങനെയുള്ള വിഭാഗങ്ങളുടെ ഇടയ്ക്ക് സാമൂഹ്യപരിഷ്കരണം കൂടുതൽ ദുർഘടമായിത്തീരുന്നു. ഗീതതൊട്ട് ഇങ്ങോട്ടുള്ള ആർഷസംസ്കാരത്തിന്റെ മിശിഹാമാരായ ആഢ്യൻനമ്പൂതിരിമാരുടെ ഇടയ്ക്ക് പരിഷ്കരണനിർദ്ദേശങ്ങൾ ദുർഘടംതന്നെയല്ല, ആപത്കരവും കൂടിയാണ്. നാരായണഗുരുസ്വാമിക്ക് രാജപാതയായി തോന്നിയത് വി.ടി. ഭട്ടതിരിപ്പാടിന് യുലിസസിന്റെ സാഹസയാത്രയായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ വ്യക്തിയുടെ സംസ്കരണത്തെ ആശ്രയിച്ചു നടത്തപ്പെടുന്ന സാമൂഹ്യപരിവർത്തനംകൊണ്ടുമാത്രമേ മനുഷ്യജന്തുക്കളെ മനുഷ്യരാക്കാൻ കഴിയൂ. അതു സാധിക്കാത്തപക്ഷം എല്ലാ പരിഷ്ക്കാരങ്ങളും ദുഷിക്കും, തിരിഞ്ഞടിക്കും, വിശ്വാമിത്രസൃഷ്ടികളായി പരിണമിക്കുകയും ചെയ്യും. മാനസികപരിവർത്തനമില്ലാതെ രാഷ്ട്രീയശക്തികൊണ്ടുമാത്രം നടപ്പിലാക്കുന്ന മാറ്റങ്ങൾ ഒരുതരം മർദനത്തിനു പകരം മറ്റൊന്നിനെ പ്രതിഷ്ഠിക്കുകയേയുള്ളൂ. നിയമംകൊണ്ടുമാത്രം അടിമത്തത്തെ ഉച്ചാടനം ചെയ്തതിന്റെ ഫലം ലേബർ ക്യാമ്പുകളുടെയും സന്ന്യാസ ആശ്രമങ്ങളുടെയും ഫാക്ടറികളുടെയും രൂപത്തിൽ അത് ആവർത്തിച്ച് അവതരിക്കുക എന്നതാണ്. മർദനമില്ലാതെ സംസ്കരണംകൊണ്ടുമാത്രം മനുഷ്യനെ മനുഷ്യനാക്കിത്തീർക്കാൻ നടത്തുന്ന വിശുദ്ധകർമമാണ് സാമൂഹ്യപരിവർത്തനം.

സാമൂഹ്യപരിവർത്തനം എന്ന പദപ്രയോഗത്തിൽ രാഷ്ട്രീയവിപ്ലവവും ന്യായമായും ഉൾപ്പെടുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഇത്രയും പറഞ്ഞത്. രാഷ്ട്രീയമാറ്റത്തെയും വേർതിരിച്ചുകാണിക്കാൻവേണ്ടി ഇങ്ങനെ പറഞ്ഞു എന്നേയുള്ളൂ.

*(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1958 മാർച്ച് 18.)*